D 40235 (Pages : 2) Name.....................................

Reg. No.....................................

# SIXTH SEMESTER B.A. DEGREE EXAMINATION, MARCH/APRIL 2018

(CUCBCSS–UG)

Malayalam

## MAL 6B 11—മലയാള കവിത—പൂർവ്വഘട്ടം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട് ?

2 'എതുക' ഏതു പ്രാസത്തെയാണ് സൂചിപ്പിക്കുന്നത് ?

3 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന് ഉണ്ണുനീലി സന്ദേശത്തെ ആക്ഷേപിച്ചതാര് ?

4 ഏതു ഭാഷാവൃത്തമാണ് ഗാഥാവൃത്തം എന്ന് അറിയപ്പെടുന്നത് ?

5 "കുങ്കുമത്തിന്റെ വാസമറിയാതെ

കുങ്കുമം ചുമക്കും പോലെ ഗർദഭം"

—ഈ വരികൾ ഏതു കൃതിയിലേതാണ് ?

6 പച്ച മലയാള പ്രസ്ഥാനത്തിൽപ്പെട്ട ആദ്യ കൃതി ഏത് ?

7 നൈഷധം ചമ്പു എഴുതിയതാര് ?

8 കോകസന്ദേശത്തിന്റെ മറ്റൊരു പേര്.

9 കൃഷ്ണസുദാമൻമാരുടെ ഗുരുവിന്റെ പേരെന്ത് ?

10 ചക്ഷു: ശ്രവണൻ എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 ലീലാതിലകം പാട്ടിനു നൽകുന്ന നിർവചനമെന്ത് ?

12 പ്രാചീന ചമ്പുക്കളെ അച്ചീചരിതങ്ങൾ എന്നു വിളിക്കുന്നത് എന്തുകൊണ്ട് ?

13 ഉണ്ണുനീലി സന്ദേശനായകൻ തിരുവനന്തപുരത്ത് എത്തിച്ചേർന്നതെങ്ങനെ ?

14 "ചിത്രം ചിത്രമങ്ങോട്ടു ചെന്നാടേണ്ടുന്ന മഹാതീർത്ഥ-

മിത്രത്തോളമാഗമിക്ക കൊണ്ടു നന്നായി"

—വിവക്ഷയെന്ത് ?

•

Turn over

15 "മെല്ലവേ ചെന്നങ്ങു തൊട്ടു നിന്നീടിനാൾ

പല്ലവം വെല്ലുമപ്പൂവൽമേലനി"

—തൊട്ടു നിന്നതാര് ? ആരുടെ പൂവൽമേനിയിലാണ് തൊട്ടത് ?

(5 × 2 = 10 marks)

III. **അഞ്ചു** ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 മണിപ്രവാള ലക്ഷണം വിശദീകരിക്കുക.

17 'പച്ചമലയാള പ്രസ്ഥാനം'—കുറിപ്പെഴുതുക.

18 ഉണ്ണുനീലി സന്ദേശത്തിൽനിന്നു ലഭ്യമാകുന്ന **രണ്ടു** പ്രധാന ചരിത്രവസ്തുതകൾ എഴുതുക.

19 'ക്രോധം പരിത്യജിക്കേണം ബുധജനം' എന്ന ഉപദേശത്തിന്റെ പൊരുളെന്ത് ?

20 ചമ്പൂഗദ്യത്തിന്റെ സവിശേഷതയെന്ത് ?

21 "ആയിരവർഷം കുഴലിലിരുന്നൊരു

നായുടെ വാലു വളഞ്ഞേ തീരൂ"

—ആശയവും സ്വാരസ്യവും വിശദമാക്കുക.

22 "പരവശനായ് കൃപകൊണ്ടെന്നെയും മറന്നു പോം ഞാൻ

പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ"

—ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത് ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 ഭാഷാപരമായും പ്രമേയപരമായും പാട്ടിനും മണിപ്രവാളത്തിനും തമ്മിലുള്ള വൈജാത്യങ്ങൾ പഠനവിധേയമാക്കുക.

24 സാധാരണക്കാരുടെ ഭഗവത്ഗീത എന്ന് ജ്ഞാനപ്പാനയെ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.

25 ചെറുശ്ശേരിയുടെ രചനാശൈലി പൂതനാമോക്ഷത്തെ ആസ്പദമാക്കി വിശദീകരിക്കുക.

26 പാട്ടുഭാഷയുടെ സാമാന്യസ്വഭാവം രാമചരിതത്തെ ആസ്പദമാക്കി പഠനവിധേയമാക്കുക.

27 ലക്ഷ്മണോപദേശത്തിൽ പ്രതിഫലിക്കുന്നത് എഴുത്തച്ഛന്റെ ജീവിതദർശനവും താത്ത്വിക നിലപാടുമാണ് —ചർച്ച ചെയ്യുക.

28 നളചരിതം നാലാം ദിവസത്തെ മുൻനിർത്തി ഉണ്ണായി വാര്യരുടെ കാവ്യശൈലിയെ അപഗ്രഥിക്കുക.

(4 × 10 = 40 marks)